# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 15/05/2017 ന് മറുപടിയ്ക്ക്

നിയമസഭാ ചോദ്യം നം. 3718

**നോൺ - വൊക്കേഷണൽ അധ്യാപകരുടെ ജോലി ഭാരം**

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജോലി ചെയ്തു വരുന്ന നോൺ - വൊക്കേഷണൽ (ജൂനിയർ) അധ്യാപകരുടെ ജോലി ഭാരം, ഹയർ സെക്കണ്ടറി (സീനിയർ) അധ്യാപകരുടേതിന് തുല്യമാണോ ; വിശദീകരിക്കാമോ; | (എ) അല്ല. വി.എച്ച്.എസ്.ഇ നോൺ - വൊക്കേഷണൽ (ജൂനിയർ) അധ്യാപകരുടെ ജോലി ഭാരം, എച്ച്.എസ്.എസ് സീനിയർ അധ്യാപകരുടേതിന് തുല്യമല്ല. നോൺ - വൊക്കേഷണൽ ജൂനിയർ അധ്യാപകരുടെ ജോലി ഭാരം ആഴ്ചയിൽ പരമാവധി 12 മണിക്കൂറാണ്. എന്നാൽ എച്ച്.എസ്.എസ് സീനിയർ അധ്യാപകരുടെ ജോലിഭാരം ആഴ്ചയിൽ മിനിമം 16 പീരിയിഡും പരമാവധി 25 പീരിയിഡും ആണ്. |
| (ബി) നോൺ - വൊക്കേഷണൽ (ജൂനിയർ) അധ്യാപകർക്ക് ഹയർ സെക്കണ്ടറി (സീനിയർ) അധ്യാപകരുടെ ശമ്പളം നൽകണമെന്നത് സംബന്ധിച്ച് ഏതെങ്കിലും കോടതി വിധികൾ നിലവിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) ഉണ്ട്. ദീപേഷ് പി.കെ യും മറ്റുള്ളവരും ഫയൽ ചെയ്ത ഒ.എ.715/2016 ൽ 19.8.2016 ലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചുവരുന്നു. |
| (സി) ഈ വിഷയത്തിൽ 2016 വർഷത്തിലെ ഏതെങ്കിലും മന്ത്രിസഭായോഗം എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടായിരുന്നോ; | (സി) ഉണ്ടായിരുന്നു. |
| (ഡി) എങ്കിൽ പ്രസ്തുത മന്ത്രിസഭാ യോഗ തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കാമോ? | (ഡി) ഇല്ല. ഇക്കാര്യം പുന:പരിശോധനയിലാണ് |

സെക്ഷൻ ഓഫീസർ